


# ജനാധികാരത്തിനായുള്ള രാഷ്ട്രീയ വിദ്യാഭ്യാസം

ഡോ. നിസാർ അഹമ്മദ്

**സ്വാതന്ത്ര്യാനന്തര** ഭാരതത്തിൽ വ്യാപകമായി പരിഗണിക്കേണ്ട ഒരു വസ്തുത ജനാധിപത്യവ്യവസ്ഥയ്ക്ക് കിട്ടേണ്ട പരിചരണവും ശ്രദ്ധയും അതിന് ലഭിച്ചില്ലയെന്നതാണ്. ജനാധിപത്യം എന്നത് ഒരു സ്വിച്ചിടുമ്പോൾ പ്രവർത്തനനിരതമാകുന്നതല്ല. അതിലിടപഴകുന്നവരുടെ നിതാന്ത ജാഗ്രതയും ശ്രദ്ധയും പരിചരണവും ആവശ്യമായ ഒന്നാണ് അത്. അതിലുൾപ്പെട്ടവർക്ക് ഇത്തരം ഒരു ബോധം ഉണ്ടായിരിക്കണം.

തിരഞ്ഞെടുപ്പുകൾ, ഭരണഘടന, നിയമനിർമ്മാണ സഭകൾ തുടങ്ങിയവയൊക്കെ ജനാധിപത്യത്തിന്റെ നിലനില്പിന് ആവശ്യമായ സ്ഥാപനപരമായ ഘടകങ്ങൾ മാത്രമാണ്. പക്ഷേ അവ ജനാധിപത്യത്തെ പ്രവർത്തനക്ഷമമാക്കാൻ മതിയായ ഘടകങ്ങളാകുന്നില്ല. ആളുകൾക്കിടയിലെ രാഷ്ട്രീയബോധം ജനാധിപത്യത്തെ സംബന്ധിച്ച് സുപ്രധാനമാണ്. ഞെട്ടിപ്പിക്കുന്ന ചില വസ്തുതകൾ നാം കാണേണ്ടതുണ്ട്. 1980നുശേഷം ഉണ്ടായിട്ടുള്ള രാഷ്ട്രീയം ജനങ്ങളുടെ രാഷ്ട്രീയമല്ല. രാഷ്ട്രീയ പാർട്ടികളിൽ നിന്ന് ജനങ്ങളുടെ പ്രശ്നങ്ങൾ അടുത്തറിയുന്ന നേതാക്കൾ അപ്രത്യക്ഷമായി. പകരം രാഷ്ട്രീയ തൊഴിലിൽ വൈദഗ്ദ്ധ്യം നേടിയവർ പാർട്ടി നേതൃത്വങ്ങളെ കൈയടക്കി. ഇവർ ജനകീയ പ്രശ്നങ്ങൾ ഉൾക്കൊള്ളാവുന്നവരല്ല.

രാഷ്ട്രീയ വിദ്യാഭ്യാസം എന്ന് പറയുമ്പോൾ എന്താണ് രാഷ്ട്രീയം എന്നും എന്താണ് വിദ്യാഭ്യാസം എന്നും നമുക്കറിയാൻ കഴിയണം. മനുഷ്യർ സാമൂഹികമായി ജീവിച്ചിരിക്കുന്നുവെങ്കിൽ അവിടെ രാഷ്ട്രീയമുണ്ട്. പക്ഷേ എന്താണ് രാഷ്ട്രീയം എന്ന് ചോദിക്കുമ്പോൾ സർവ്വസ്വീകാര്യമായ നിർവ്വചനം ഇല്ല. രാഷ്ട്രീയം എന്നതിന് സർവ്വർക്കും സ്വീകാര്യമായ നിർവ്വചനമില്ല. ഒരുപാട് കാഴ്ചപ്പാടുകളും ഭൗതികവും മാനസികവും സാമൂഹികവുമായ താല്പര്യങ്ങളും അടങ്ങിയതാണത്. വിദ്യാഭ്യാസം എന്നതും സങ്കീർണ്ണമായ ഒന്നാണ്.

രാഷ്ട്രീയ വിദ്യാഭ്യാസം എന്തിനാണ്? എന്തുകൊണ്ടാണ് രാഷ്ട്രീയ വിദ്യാഭ്യാസം ആവശ്യമായി വരുന്നത്? ജനങ്ങളെ സംബന്ധിക്കുന്ന, അവരെ ബാധിക്കുന്ന പ്രശ്നങ്ങൾ സ്റ്റേറ്റിന്റെയും രാഷ്ട്രീയ പാർട്ടി

**രാഷ്ട്രീയം എന്നത് തീരുമാനം എടുക്കുന്നതിലെ നടപടിക്രമങ്ങൾ അടങ്ങിയതാണ്. ഉദാഹരണത്തിന് ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നം തിരിച്ചറിയുകയും ഇതിന്റെ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്ന നടപടിക്രമങ്ങളാണ് രാഷ്ട്രീയം. ഇതിൽ രാഷ്ട്രീയ പാർട്ടികളുടെ പങ്ക് അടങ്ങിയിരിക്കുന്നു. രാഷ്ട്രീയത്തിലെ മറ്റൊരു ഘടകം രാഷ്ട്രീയ നയമാണ്.**


ചിത്രീകരണം : പൂജ

കളുടെയും ഇടയിൽ കൈകാര്യം ചെയ്യാൻ പറ്റാത്ത സ്ഥിതിയാണിപ്പോൾ. അവരുടെ പ്രശ്നങ്ങൾ ആരോടാണ് പറയുക, എങ്ങനെയാണ് പരിഹരിക്കുക എന്നതിന് സാമഗ്രികളില്ലാതായിരിക്കുന്നു. ജനങ്ങളുടെ സമ്മതിദാനം കൊണ്ടാണ് ഭരണം തന്നെ നിലനിൽക്കുന്നത്. പാർട്ടി താൽപര്യങ്ങൾക്ക് അപ്പുറത്ത് ചിന്തിക്കുന്നവർക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിൽനിന്നാണ് *രാഷ്ട്രീയ വിദ്യാഭ്യാസം എന്ന ആശയം* തന്നെ വരുന്നത്.

ഇന്ത്യയിൽ സാധാരണയായി സ്കൂളുകളിൽ രാഷ്ട്രീയ വിദ്യാഭ്യാസം നല്കപ്പെടുന്നില്ല. പാർലിമെന്റ്, ജുഡീഷ്യറി തുടങ്ങിയവ ജനാധിപത്യത്തിന്റെ തൂണുകൾ ആണ് എന്നെല്ലാം വിശേഷിച്ച് സിവിക്സ് വിഷയത്തിൽ പഠിപ്പിക്കുന്നുണ്ടെങ്കിലും അവയൊക്കെ ജനാധികാര രാഷ്ട്രീയത്തിനുള്ള ചില വ്യവസ്ഥകൾ ആണ് - *രാഷ്ട്രീയ മണ്ഡലത്തെ സാധ്യമാക്കുന്ന* മുന്നുപാധികൾ. രാഷ്ട്രീയം എന്താണ് എന്നതിന്റെ ചിത്രം ഇതിലൂടെ മാത്രം കിട്ടുന്നില്ല. എന്താണ് രാഷ്ട്രീയ സ്ഥാപനങ്ങളെ ശക്യമാക്കുന്നത് എന്നത് ഇവിടെ തെളിയുന്നില്ല.

രാഷ്ട്രീയം എന്നത് തീരുമാനം എടുക്കുന്നതിലെ നടപടിക്രമങ്ങൾ അടങ്ങിയതാണ്. ഉദാഹരണത്തിന് ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നം തിരിച്ചറിയുകയും ഇതിന്റെ *പരിഹാരം നിർദ്ദേശിക്കുകയും* ചെയ്യുന്ന നടപടിക്രമങ്ങളാണ് രാഷ്ട്രീയം. ഇതിൽ രാഷ്ട്രീയ പാർട്ടികളുടെ പങ്ക് അടങ്ങിയിരിക്കുന്നു. രാഷ്ട്രീയത്തിലെ മറ്റൊരു ഘടകം രാഷ്ട്രീയ നയമാണ്. എങ്ങനെയാണ് രാഷ്ട്രീയ നയങ്ങൾ രൂപപ്പെടുന്നത്. സ്കൂളുകളിൽ സാമൂഹികശാസ്ത്ര പഠനത്തിൽ രാഷ്ട്രീയത്തിന്റെ ഉപാധികൾ മാത്രമാണ് പരിചയപ്പെടുത്തുന്നത്. പിന്നെ സ്കൂൾ പാർലിമെന്റ് തുടങ്ങിയവയിൽ ജനാധിപത്യത്തിന്റെ ചില *മൂല്യങ്ങൾ അടങ്ങിയിട്ടുണ്ട്*. എങ്കിലും രാഷ്ട്രീയ സംസ്കാരത്തെയാണ് അത് പരിചയപ്പെടുത്തുന്നത്. ഇതിന്റെ അകത്ത് പഠനം എന്താണ്? ജനാധിപത്യമര്യാദ എന്നത് പഠിപ്പിക്കപ്പെടാനാവില്ല. ഇതൊക്കെ അറിയണമെങ്കിൽ രാഷ്ട്രീയമണ്ഡലത്തിന്റെ സ്വഭാവം അറിയണം. എങ്ങനെയാണ് ഒരു നയത്തിലേക്ക് എത്തുന്നത്, എവിടെയാണ് നയം രൂപീകരിക്കപ്പെടുന്നത്, നയരൂപീകരണത്തിന്റെ നടപടിക്രമങ്ങൾ എന്താണ് എന്നൊന്നും *നമുക്കറിയില്ലെങ്കിൽ* നമുക്ക് രാഷ്ട്രീയ വിദ്യാഭ്യാസമില്ലയെന്ന് പറയാം.

ജനാധിപത്യവ്യവസ്ഥയിൽ ആണ് രാഷ്ട്രീയ വിദ്യാഭ്യാസം പ്രധാനമായിരിക്കുന്നത്. രാജവാഴ്ചയിൽ രാജാവ് പറയുന്നതാണ് ജനങ്ങൾക്ക് ഹിതകരമായത്. രാജാവിന്റെ സർവ്വാധികാര നിലപാടിൽനിന്നാണ് ഇത് വരുന്നത്. ജനാധിപത്യം അതല്ല. ജനങ്ങൾ എന്താണ് ചെയ്യുന്നത് എന്ന് അവർ തന്നെ അറിയണം. കാരണം *അവർ തന്നെയാണ് ഭരിക്കുന്നത്*. ജനങ്ങളുടെ പ്രശ്നം വിശകലനം ചെയ്യപ്പെടേണ്ടത് എങ്ങിനെയാണ് എന്ന്


**ജനങ്ങൾ എന്താണ് ചെയ്യുന്നത് എന്ന് അവർ തന്നെ അറിയണം. കാരണം അവർ തന്നെയാണ് ഭരിക്കുന്നത്. ജനങ്ങളുടെ പ്രശ്നം വിശകലനം ചെയ്യപ്പെടേണ്ടത് എങ്ങിനെയാണ് എന്ന് അവർ അറിഞ്ഞിരിക്കണം. അതുകൊണ്ട് ജനാധിപത്യക്രമത്തിൽ *രാഷ്ട്രീയ വിദ്യാഭ്യാസം* വളരെ വ്യത്യസ്തമായി സങ്കല്പിക്കപ്പെടണം.**

അവർ അറിഞ്ഞിരിക്കണം. അതുകൊണ്ട് ജനാധിപത്യക്രമത്തിൽ രാഷ്ട്രീയ വിദ്യാഭ്യാസം വളരെ വ്യത്യസ്തമായി സങ്കല്പിക്കപ്പെടണം. ഉദാഹരണത്തിന് എ.ഡി.ബി. *ലോൺ എടുക്കുമ്പോൾ* ജനങ്ങൾ അത് അറിഞ്ഞിരിക്കണം. വിദഗ്ധന്മാർക്ക് കൂടുതലറിയാം. അതുകൊണ്ട് അവർ തീരുമാനമെടുത്താൽ മതി എന്ന് കരുതിയാൽ പോര. നിലവിലുള്ള രാഷ്ട്രീയത്തിൽ വിദഗ്ധന്മാരായ ആൾക്കാരെ കിട്ടിയാൽ മതി എന്നാണ് രാഷ്ട്രീയ പാർട്ടികൾ കരുതുന്നത്.

ജനാധികാരത്തെപ്പറ്റിയുള്ള ആലോചനയിൽ ഏത് പശ്ചാത്തലത്തിലാണ് നാം രാഷ്ട്രീയ വിദ്യാഭ്യാസം നടത്തുന്നതിനെപ്പറ്റി ആലോചിക്കുന്നത് എന്ന് ചിന്തിച്ചിരിക്കണം. രാഷ്ട്രീയ വിദ്യാഭ്യാസ കാര്യത്തിൽ രാഷ്ട്രീയ പാർട്ടികൾ എന്താണ് ചെയ്യുന്നത്?

രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ ഏജൻസി ആരായിരിക്കണം? ആരായിരിക്കണം അത് സംഘടിപ്പിക്കേണ്ടത്? മറ്റൊന്ന്, എന്താണ് അത് പുറത്തേക്ക് കൊണ്ടുവരേണ്ട കാര്യങ്ങൾ? ഇതിന് ഒരു തുടക്കം എന്ന നിലയിൽ കേരളത്തിൽ രാഷ്ട്രീയവിദ്യാഭ്യാസത്തിന്റെ ഏതെങ്കിലും ദൃഷ്ടാന്തങ്ങൾ ഉണ്ടോ എന്ന് അന്വേഷിക്കാവുന്നതാണ്. ഇന്ന് രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും രാഷ്ട്രീയ വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്നുണ്ടോ? ഉദാഹരണത്തിന് പാർട്ടി സമ്മേളനങ്ങളും ജാഥകളും രാഷ്ട്രീയ വിദ്യാഭ്യാസമാകുന്നുണ്ടോ? മാധ്യമങ്ങളിലെ ചർച്ചകൾ രാഷ്ട്രീയ വിദ്യാഭ്യാസമാകുന്നുണ്ടോ? ഉദാഹരണത്തിന് രജനിയുടെ മരണവും മാധ്യമവും നോക്കുക. രജനിയുടെ മരണത്തിനിടയായ സാഹചര്യത്തെ പലരും പലരീതിയിൽ പുറത്തുകൊണ്ടുവന്നു. ഇതിലൂടെ ഒരു പ്രത്യേക രീതിയിൽ രാഷ്ട്രീയവിദ്യാഭ്യാസം മാധ്യമത്തിലൂടെ നടന്നു എന്നു പറയാം. മാധ്യമങ്ങൾ ഒരു സംഭവത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ പുറത്തുകൊണ്ടുവരുന്നത് രാഷ്ട്രീയ വിദ്യാഭ്യാസമാകുമോ എന്ന് ചോദിക്കാവുന്നതാണ്. ഉദാഹരണത്തിന് ഒരു തെരഞ്ഞെടുപ്പ് വരുമ്പോൾ കേരളത്തിലെ രാഷ്ട്രീയ സമ്പദ് വ്യവസ്ഥയെക്കുറിച്ച് ഒരുപാട് ചർച്ചകൾ വരുന്നു. ഇത് രാഷ്ട്രീയ വിദ്യാഭ്യാസമാകുമോ? ഉദാഹരണത്തിന് സംവരണത്തിന്റെ

> പ്രമുഖരായ രാഷ്ട്രീയപാർട്ടികൾ ചില കാര്യങ്ങളിൽ മൌനം ദീക്ഷിക്കുമ്പോൾ ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരായി പ്രവർത്തിക്കുന്ന സിവിൽ സമൂഹപ്രസ്ഥാനങ്ങൾ രാഷ്ട്രീയ വിദ്യാഭ്യാസത്തെക്കുറിച്ച് ചില കാഴ്ചപ്പാടുകൾ ഉണ്ടാക്കേണ്ടതാണ്. വളരെ അഗാധമായ പഠനത്തിലൂടെ ഇത് ചെയ്യണം. ജനങ്ങളെ പഠിപ്പിക്കുക എന്നത് സ്വയം പഠിക്കലാണ്. ജനങ്ങൾക്ക് ഒന്നുമറിയില്ല എന്നതുകൊണ്ട് അവരെ ചിലത് പഠിപ്പിക്കാൻ പോകുന്നതല്ല രാഷ്ട്രീയ വിദ്യാഭ്യാസം.



ചിത്രീകരണം : ജോർജ്ജ് ആർ.

പ്രശ്നം അല്ലെങ്കിൽ വികസനത്തിന്റെ പ്രശ്നങ്ങൾ - റോഡില്ല, വ്യവസായമില്ല തുടങ്ങിയവ. ഇതൊക്കെ പ്രശ്നം മുന്നോട്ടു വയ്ക്കലാണ്. പ്രശ്നം മുന്നോട്ട് വച്ചാൽ അത് പരിഹരിക്കാനുള്ള നയം രൂപീകരിക്കലായി. ഇത് രാഷ്ട്രീയ വിദ്യാഭ്യാസമാണോ? ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ജനങ്ങൾ രാഷ്ട്രീയ വിദ്യാഭ്യാസമുള്ളവരാണ്. ആളുകൾ ഒരു പാർട്ടിക്ക് വോട്ടുചെയ്യുന്നത് അവർ വിദ്യാഭ്യാസം ചെയ്യപ്പെട്ടിട്ടാണ് എന്നാണ് കരുതപ്പെടുന്നത്. രാഷ്ട്രീയ പാർട്ടികൾ ജനങ്ങൾക്ക് വിദ്യാഭ്യാസം നല്കുന്നുണ്ടോ? ചിലപ്പോൾ സിവിൽ സമൂഹപ്രസ്ഥാനങ്ങളാണ് ഇത് ചെയ്യുന്നത്. ജനാധികാരപരമായ ഒരു പ്രശ്നത്തിന് പേരിൽ ജനവിഭാഗങ്ങൾ ഒരുമിച്ചുകൂടുന്നത് ഒരു സിവിൽ സമൂഹ രൂപീകരണമാണ്.

പ്രമുഖരായ രാഷ്ട്രീയപാർട്ടികൾ ചില കാര്യങ്ങളിൽ മൌനം ദീക്ഷിക്കുമ്പോൾ ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരായി പ്രവർത്തിക്കുന്ന സിവിൽ സമൂഹപ്രസ്ഥാനങ്ങൾ രാഷ്ട്രീയ വിദ്യാഭ്യാസത്തെക്കുറിച്ച് ചില കാഴ്ചപ്പാടുകൾ ഉണ്ടാക്കേണ്ടതാണ്. വളരെ അഗാധമായ പഠനത്തിലൂടെ ഇത് ചെയ്യണം. ജനങ്ങളെ പഠിപ്പിക്കുക എന്നത് സ്വയം പഠിക്കലാണ്. ജനങ്ങൾക്ക് ഒന്നുമറിയില്ല എന്നതുകൊണ്ട് അവരെ ചിലത് പഠിപ്പിക്കാൻ പോകുന്നതല്ല രാഷ്ട്രീയ വിദ്യാഭ്യാസം. പ്ലാച്ചിമടയിലെ രാഷ്ട്രീയ വിദ്യാഭ്യാസം എന്നത് അവിടത്തെ പ്രശ്നങ്ങളിലൂടെ തന്നെ ആളുകൾ രാഷ്ട്രീയ വിദ്യാഭ്യാസം നേടുക എന്നതാണ്. സാമൂഹിക പ്രവർത്തകരെ സംബന്ധിച്ച് ഇത് ഒരു കടംവീട്ടലാണ്.

പ്രശ്നം എങ്ങനെയാണ് തിരിച്ചറിയുക? ആരാണ് ഇവ തിരിച്ചറിയുന്നത്? പ്രാദേശിക രാഷ്ട്രീയ പ്രവർത്തകരിലൂടെയാണ് രാഷ്ട്രീയ നേതാക്കൾക്ക് ഇവ അറിയാനാവുക. മാധ്യമങ്ങൾക്ക് പ്രശ്നങ്ങൾ തിരിച്ചറിയാൻ കഴിയേണ്ടതാണ്. ഇങ്ങനെ സംഭവിക്കുന്നുണ്ടോ? ഇങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ പ്രശ്നങ്ങൾ എങ്ങനെ തിരിച്ചറിയാം എന്ന് മനസ്സിലാക്കാൻ തന്നെയാണ് രാഷ്ട്രീയ വിദ്യാഭ്യാസം. പ്രശ്നം എങ്ങനെയാണ് തിരിച്ചറിയുക എന്നത് ജനാധികാരത്തിനായുള്ള രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എടുക്കാവുന്നതാണ്. ഇത് ഭരണതലത്തിലുള്ള ജനാധികാരത്തിന്റെ തിരിച്ചറിയലല്ലാം സാമൂഹികവ്യവസ്ഥയുടെ ജനാധികാരത്തെ തിരിച്ചറിയലാണ്. നല്ല പഠനം ഇതിന്നാവശ്യമായിവരും. ഉദാഹരണത്തിന് കാർഷിക പ്രതിസന്ധിയുടെ മൂല സ്രോതസ്സ് എന്താണ്? പ്രാദേശികമായ പ്രശ്നം ആഗോള അടിസ്ഥാനമാകുന്നത് എപ്പോഴാണ്? പ്രാദേശികമായി ഉണ്ടാക്കപ്പെടുന്ന ഒരു ഉൽപ്പന്നം അവിടെ ഉണ്ടാക്കപ്പെടണം എന്നത് തീരുമാനിക്കുന്നത് ലോക മാർക്കറ്റ് ആയിരിക്കാം. ഉദാഹരണത്തിന് മാങ്ങ എന്ന മാംഗോ, തമിഴ് വാക്കായ മാൻകായിൽ നിന്നാണ് വരുന്നത്. പക്ഷേ ഇവിടെ മാങ്ങാകൃഷി വരുന്നതും മോണോക്രോപ്പിലേയ്ക്ക് ഒരു ഭൂഭാഗം മുഴുവൻ മാറുന്നതും പരിത:സ്ഥിതിയെ അത് തുലനം തെറ്റിക്കുന്നതും യൂറോപ്യൻ മാർക്കറ്റിന് വേണ്ടി മാങ്ങ ഉത്പാദിപ്പിക്കാൻ തുടങ്ങിയതോടെയാണ്. ഇത്തരം പരസ്പരബന്ധങ്ങൾ തിരിച്ചറിയാനുള്ള വൈദഗ്ധ്യം നമുക്കുണ്ടാകണം. ഇവിടെ തദ്ദേശീയമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് വിദ്യാഭ്യാസം ഉണ്ടാകുന്നത്. ഇത്തരം കാര്യങ്ങൾ ആളുകളെകൊണ്ട് തന്നെ ചർച്ച ചെയ്യിക്കലാണ് രാഷ്ട്രീയ വിദ്യാഭ്യാസം. ഇത്തരം സങ്കീർണ്ണമായ പരസ്പരബന്ധങ്ങൾ പഠിക്കാതെ നമുക്ക് നയരൂപീകരണങ്ങളുടെ അടിസ്ഥാനങ്ങൾ, നടപടിക്രമങ്ങളുടെ അടിസ്ഥാനങ്ങൾ, വിഭവങ്ങളുടെ ഒഴുക്കിന്റെ അടിസ്ഥാനങ്ങൾ ഒക്കെ നമുക്ക് മനസ്സിലാക്കാനാവില്ല. ഇതിൽ പക്ഷെ വിദഗ്ധന്മാരുടെ പങ്കിന്റെ അപകടം ഉണ്ട്. ഇതിന് പരിഹാരം ഇല്ല. ഈ അപകടം നാം കണ്ടെത്തുക മാത്രമേ വഴിയുള്ളൂ.


രാഷ്ട്രീയ പാർട്ടികൾ എന്ത് പറയുമ്പോഴും അവയുടെ അജണ്ട രൂപീകരിക്കുന്നത് അവർ അല്ലാതായാൽ ജനങ്ങളോടുള്ള അവരുടെ ഉത്തരവാദിത്വം കുറയും. ഇത് പാർട്ടികൾ സത്യസന്ധമായി ഏറ്റ് പറയുന്നില്ലെങ്കിൽ ഇത് തുറന്നുകാണിക്കുക എന്നത് രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. പക്ഷേ നിർണ്ണയിക്കാൻ പറ്റാത്ത കാര്യങ്ങളും വരാം. ഉദാഹരണത്തിന് രാഷ്ട്രീയം എന്നതിലെ അനിർണ്ണയമായ

അവസ്ഥ രാഷ്ട്രീയം എന്നതിൽ തീരുമാനം എടുക്കൽ മാത്രമല്ല. മറ്റുള്ളവരോട് നാം ഉത്തരവാദിത്വപരമായി തീരുമാനമെടുക്കാൻ ബാദ്ധ്യസ്ഥരാണ് എന്നത് കൂടിയുണ്ട് രാഷ്ട്രീയത്തിൽ.

രാഷ്ട്രീയ പാർട്ടികൾ എന്നത് രാഷ്ട്രീയ ജീവിതത്തിലെ പ്രധാനപ്പെട്ട ഘടകമാണ്. **രാഷ്ട്രീയ പാർട്ടികളെ ഉന്മൂലനം ചെയ്യുന്നത് ജനാധിപത്യത്തെ തുരങ്കം വയ്ക്കലാണ്. അധികം പാർട്ടികൾ ഉണ്ടായി എന്നതല്ല ദോഷം. പാർട്ടികൾ എത്രമാത്രം നിരുത്തരവാദിത്വപരമാകുന്നു എന്നതാണ് ദോഷം. ഏത് പാർട്ടിയായാലും തീരുമാനമെടുക്കുന്ന പ്രക്രിയ കൂടുതൽ സുതാര്യമാകുക, കൂടുതൽ ഉത്തരവാദിത്വപൂർണ്ണമാവുക എന്നതാണ് പ്രധാനം.** പ്രാദേശിക പാർട്ടികളും ആധിപത്യപരമാകും എന്നതാണല്ലോ ആന്ധ്രയിൽ ചന്ദ്രബാബു നായിഡുവിന്റെ പാർട്ടി കാണിക്കുന്നത്.

രാഷ്ട്രീയ വിദ്യാഭ്യാസം എന്നത് ആളുകൾ ചെയ്യുന്നുണ്ട്. ഉദാഹരണത്തിന് ആന്ധ്രയിലെ കലാപങ്ങളെക്കുറിച്ച് പി.യു.സി.എൽ. റിപ്പോർട്ട്. പക്ഷേ അവ ഒറ്റപ്പെട്ട രീതിയിലാണെന്ന് മാത്രം. ചിട്ടയോടെ ഇത് ചെയ്യേണ്ടത് രാഷ്ട്രീയ പാർട്ടികളാണ്. പക്ഷേ പാർട്ടികൾ അതു ചെയ്യുന്നേയില്ല. അതുകൊണ്ടാണ് സിവിൽ സമൂഹപ്രസ്ഥാനങ്ങൾക്ക് അത് ചെയ്യേണ്ടിവരുന്നത്. വി. ആർ. കൃഷ്ണയ്യരുടെയും മറ്റും പ്രവർത്തനങ്ങൾ മുഴുവനായും ഉപയോഗശൂന്യമാണെന്ന് പറയാനാകില്ല. തുടർച്ചയായി അത് ചെയ്യുക എങ്ങനെയാണ് എന്നാണ് നോക്കേണ്ടത്.

എല്ലാവരും കുറച്ചുനേരത്തേക്ക് ബുദ്ധരാണ്. കുറച്ച് നേരത്തേക്ക് ബോധോദയം ഉണ്ടാകും. പക്ഷേ അത് നിലനിർത്താനാകുന്നുണ്ടാകില്ല. എന്താണ് രാഷ്ട്രീയ അന്തരീക്ഷം, എങ്ങനെയാണ് രാഷ്ട്രീയ പ്രക്രിയ, എങ്ങനെയാണ് ഒരു നയം രൂപപ്പെടുന്നത് എന്നൊക്കെയാണ് രാഷ്ട്രീയ വിദ്യാഭ്യാസത്തിൽ വരുന്നത്. എങ്ങനെ പ്രശ്നം പരിഹരിക്കും എന്ന് രാഷ്ട്രീയ വിദ്യാഭ്യാസം പറയുന്നില്ല. ജനങ്ങൾ ബോധവാന്മാരാകണമെങ്കിൽ ജനങ്ങൾ തന്നെ സ്വയം പ്രശ്നങ്ങൾ പരിഹരിക്കാവുന്ന വിധത്തിൽ രാഷ്ട്രീയ വിദ്യാഭ്യാസം കൊടുക്കാമോ എന്നാണ് നാം നോക്കേണ്ടത്. തങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം എന്താണ് പരിഹാരം എന്നത്, എങ്ങനെയായിരിക്കണം എന്നത് രാഷ്ട്രീയ വിദ്യാഭ്യാസം നേടിയ ഒരു ജനതയ്ക്ക് കണ്ടെത്താൻ കഴിയും.


പെയിന്റിങ്ങ് : ധനരാജ് കീഴറ

സാമൂഹിക പ്രതിജ്ഞാബദ്ധതയുള്ളവർക്ക് കൂടുതൽ ഫലപ്രദമായി ചെയ്യാൻ പറ്റാത്തതുകൊണ്ടാകാം കൂടുതൽ ആളുകൾ രാഷ്ട്രീയ വിദ്യാഭ്യാസത്തിലേക്ക് വരാത്തത്. അവർ ചെയ്യുന്നത് പര്യാപ്തമാണെങ്കിൽ തന്നെയും ഇതേ പ്രശ്നം വരാം. കാരണം ആളുകൾ മറ്റു പല സ്വാധീനങ്ങൾക്ക് വിധേയമാണ്. മാധ്യമങ്ങൾ, രാഷ്ട്രീയപാർട്ടികൾ ഒക്കെ. ഒരാൾ രാഷ്ട്രീയ പാർട്ടിക്ക് വിധേയമായാൽ പാർട്ടിയുടെ വിശ്വാസങ്ങളിൽകൂടി മാത്രമേ കാര്യങ്ങളെ കാണൂ. അതുപോലെ തന്നെയാണ് മാധ്യമങ്ങളുടെ സ്വാധീനവും. ഇതൊക്കെ തന്നെയുണ്ടെങ്കിലും എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് ചോദിക്കേണ്ടതാണ്.

ജനാധികാരത്തെക്കുറിച്ച് വസ്തുതകളും സിദ്ധാന്തങ്ങളും അടങ്ങുന്ന ഒരു പുസ്തകം പോലും ഭാഷയിൽ ഇല്ല എന്നത് തന്നെ രാഷ്ട്രീയ വിദ്യാഭ്യാസത്തെക്കുറിച്ച് സാമ്പ്രദായികമായ ഒരു ശ്രദ്ധ കേരളത്തിൽ നടന്നിട്ടില്ല എന്നാണ് കാണിക്കുന്നത്. വളരെ ലളിതമായ രീതിയിൽ അവതരിപ്പിക്കാൻ ശ്രമം നടക്കണം. പാഠപുസ്തകം ചെയ്യുന്നതുപോലെ ചെയ്യണം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല പ്രവർത്തനത്തിൽ ഇത്തരം ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു പ്രത്യേക കാഴ്ചപ്പാട് കൊണ്ടുവരലാണിത്.

എന്തുകൊണ്ട് ഫിലിം സൊസൈറ്റി പ്രസ്ഥാനങ്ങളിൽ ആളുകൾ കൂടുന്നു. രാഷ്ട്രീയ വിദ്യാഭ്യാസത്തിന് ആരും തയ്യാറാകുന്നില്ല എന്നത് താരതമ്യം ചെയ്യാവുന്നതല്ല. ആദ്യത്തേത് വിനോദമാണ്. രസോല്പാദനമാണ്. ബുദ്ധിപരമായ രസിക്കലാകാം ക്ലാസിക്കൽ സിനിമ പ്രദർശനത്തിലൂടെ നേടുന്നത്. രണ്ടാമത്തേത് രാഷ്ട്രീയമായ ചിന്തകളിൽ അനിശ്ചിതത്വം ഏൽപ്പിക്കുകയാണ്. ഇതിലൊരു ജ്ഞാപകവശം ഉണ്ട്. നാം അറിയുന്ന പ്രക്രിയയെയാണ് ഇതിൽ അഭിമുഖീകരിക്കുന്നത്. രാഷ്ട്രീയ നേതാക്കൾക്കും അണികൾക്കും ജ്ഞാപകവശം അത്യാവശ്യമല്ല. രാഷ്ട്രീയപരമായ ജ്ഞാപകശേഷി ജനങ്ങൾക്ക് ഉണ്ടാകണമെങ്കിൽ അത്തരമൊരു സാംസ്കാരികശേഷി നാം ഉണ്ടാക്കിയെടുക്കണം. ഇത് വളരെ വലിയ വെല്ലുവിളി ആണ്. നമ്മുടെ ജ്ഞാപകശേഷി വർദ്ധിപ്പിക്കുകയും പരിഷ്കരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് നാം നടത്തേണ്ടത്. പഴയകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകരോട് ചോദിച്ചാൽ അവരുടെ സാമൂഹിക വിശകലന ശേഷി മനസ്സിലാക്കാനാകും. അവരുടെ സാമൂഹിക വിശകലന ചട്ടക്കൂട് ഇന്ന് ചോദ്യം ചെയ്യപ്പെടുന്നു

**ജനാധികാരത്തിനായുള്ള രാഷ്ട്രീയ വിദ്യാഭ്യാസത്തിൽ എന്താണ് ജനാധികാരം എന്നതിനോടൊപ്പം സാമൂഹികയാഥാർത്ഥ്യത്തെ രൂപപ്പെടുത്തുന്നതിൽ ആളുകൾക്കുള്ള പങ്ക് എന്താണ് എന്നുകൂടി ആലോചിക്കണം. സാമൂഹികത എന്ത്? സാമൂഹികവ്യവസ്ഥ എന്നാൽ എന്താണ്? അതിന്റെ അതിരുകൾ എന്ത്? ഇത്തരം ചോദ്യങ്ങളൊക്കെ രാഷ്ട്രീയ വിദ്യാഭ്യാസത്തിൽ വരും.**

ണ്ടാകാം എന്നത് മറ്റൊരു കാര്യം. പക്ഷേ ഇന്ന് അത്തരം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കുറവാണ്. ഇത് ഒരു പ്രസ്ഥാനം പോലെ വളർത്തിക്കൊണ്ടുവന്നാലേ സാദ്ധ്യമാകൂ.

രാഷ്ട്രീയ വിദ്യാഭ്യാസത്തിന് ഒരു ജ്ഞാപകവശം ഉണ്ട് എന്നതുകൊണ്ട് വലിയൊരു വിവരശേഖരണം (ഡാറ്റാ ബാങ്ക്) വേണ്ടിവരും. ഇത്തരം തയ്യാറെടുപ്പ് വലിയൊരു മുന്നോട്ട് പോക്കായിരിക്കും. കമ്പോളവൽക്കരണം വ്യാപിക്കുന്ന ലോകത്തിൽ ഇത് അത്യാവശ്യമായിരിക്കും. കമേഴ്സ്യൽ സിനിമകളോട് ആളുകൾക്കുള്ള ആസക്തി വർദ്ധിക്കുന്നത് നോക്കുക.


ഏത് തരത്തിലുള്ള സാമൂഹികാന്തരീക്ഷത്തിലാണ് ജനാധികാരത്തിനായുള്ള രാഷ്ട്രീയ വിദ്യാഭ്യാസം അവതരിപ്പിക്കുന്നത് എന്നത് പ്രധാനമാണ്. മാധ്യമങ്ങൾ വഴിയുള്ള പെർഫോർമൻസിന്റെ കാലമാണത്. ആളുകൾ അതിന് പുറകെയാണ്. ചീഫ് ജസ്റ്റിസായ ബാലകൃഷ്ണനോട് മാധ്യമങ്ങൾ ചോദിക്കുന്നത് അദ്ദേഹത്തിന്റെ റോൾ മോഡൽ ആരാണെന്നാണ്. പെർഫോം ചെയ്യുക അല്ലെങ്കിൽ നശിക്കുക എന്നാണ് മീഡിയ പറയുന്നത്. ഇത്തരമൊരു അന്തരീക്ഷത്തിലാണ് നാം ജനകീയ രാഷ്ട്രീയ വിദ്യാഭ്യാസം ആലോചിക്കുന്നത്. രാഷ്ട്രീയ വ്യവസ്ഥയോട് ഇടകലർന്നുകൊണ്ട് വളരെ ലോബിയിംഗ് ശക്തിയുള്ളതാണ് ഇന്ന് മീഡിയ. ഇപ്പോൾ മാധ്യമജന്യരാഷ്ട്രീയം എന്നൊരു സങ്കല്പം തന്നെ വന്നിട്ടുണ്ട്. ഫോർത്ത് എസ്റ്റേറ്റ് എന്നത് നാലാംശക്തിയാണ്. ഇലക്ട്രോണിക് മീഡിയയിൽ വളരെ വിസ്ഫോടകമായി ഒരു വികസനം വന്നിട്ടുണ്ട്. രാഷ്ട്രീയ പ്രശ്നങ്ങൾ വിനിമയം ചെയ്യുന്നതിൽ, ആളുകളെ സ്വാധീനിക്കുന്നതിൽ ലോബിയിംഗ് നടത്തുന്നതിൽ അവഗണിക്കാനാവാത്ത ശക്തിയായി മീഡിയ വളർന്നിരിക്കുന്നു.

എങ്ങനെ രാഷ്ട്രീയ പ്രവർത്തനം നടത്താം എന്നതല്ല നാം ഇപ്പോൾ ആലോചിക്കുന്നത്. രാഷ്ട്രീയ വിദ്യാഭ്യാസം വേറൊരു ഉത്തരവാദിത്വമാണ് ഉണ്ടാക്കുന്നത്. ജനാധികാരത്തിനായുള്ള രാഷ്ട്രീയ വിദ്യാഭ്യാസത്തിൽ എന്താണ് ജനാധികാരം എന്നതിനോടൊപ്പം സാമൂഹികയാഥാർത്ഥ്യത്തെ രൂപപ്പെടുത്തുന്നതിൽ ആളുകൾക്കുള്ള പങ്ക് എന്താണ് എന്നുകൂടി ആലോചിക്കണം. സാമൂഹികത എന്ത്? സാമൂഹികവ്യവസ്ഥ എന്നാൽ എന്താണ്? അതിന്റെ അതിരുകൾ എന്ത്? ഇത്തരം ചോദ്യങ്ങളൊക്കെ രാഷ്ട്രീയ വിദ്യാഭ്യാസത്തിൽ വരും. ജനാധികാരം എന്നത് സാമൂഹികതയുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. ഏതെങ്കിലും ഒന്നിലേക്ക് സങ്കുചിതമാക്കാവുന്ന ഒന്നല്ല സാമൂഹികത. അതിന് ചട്ടക്കൂട് ഇല്ല. അതിന് രൂപം ഇല്ല. നാമിപ്പോൾ സംസാരിക്കുന്നത് വ്യവസ്ഥയുടെ അതിരുകളെപ്പറ്റിയാണ്. നാം ഓരോരുത്തരും ചെയ്തുകൊണ്ടിരിക്കുമ്പോൾ ഉണ്ടാകുന്നതാണ് വ്യവസ്ഥയുടെ അധികാരം. നമ്മുടെ പ്രവർത്തനത്തിലൂടെ മാത്രം ഉണ്ടാകുന്നതാണ് വ്യവസ്ഥ. ജനാധികാരമെന്നത് ഭരണക്രമത്തിന്റെ മാത്രം വിശദീകരണമല്ല. അത് ജനങ്ങളുടെ സാമൂഹികമായ നിലനിൽപ്പുമായി ബന്ധപ്പെട്ട കാര്യമാണ്. നമ്മുടെ ജാഗ്രതയിലാണ് ജനാധികാരം നിലനിൽക്കുന്നത് എന്ന് നാം തിരിച്ചറിഞ്ഞാൽ ജനാധിപത്യത്തെക്കുറിച്ചുള്ള നമ്മുടെ നിലപാട് മാറും. ഏതെങ്കിലും രാഷ്ട്രീയ താൽപര്യത്തിന്റെയോ സാമൂഹിക സാമ്പത്തിക താൽപര്യത്തിന്റെയോ അടിസ്ഥാനത്തിലുള്ള ജനാധികാരമല്ല പറയുന്നത്.

ജനാധികാരത്തെ ഭരണപരമായ നടപടിക്രമമായി എടുത്താലും സാമൂഹികജീവിതത്തിലെ നടപടിക്രമമായി എടുത്താലും ജനങ്ങൾക്ക് രാഷ്ട്രീയമായ തിരിച്ചറിവുണ്ടായാൽ രാഷ്ട്രീയപാർട്ടികളും മാധ്യമങ്ങളും മാറും. ജനാധിപത്യത്തിന്റെ ചരിത്രം നോക്കിയാൽ ഇത് കാണാം. ജനങ്ങളുടെ പലതരത്തിലുള്ള സമരങ്ങളുടെയും സമർത്ഥനങ്ങളുടെയും അടിസ്ഥാനത്തിൽ വികസിച്ചതാണ് ഇപ്പോഴത്തെ ജനാധിപത്യം.

രാഷ്ട്രീയ വിദ്യാഭ്യാസം എന്നാൽ രാഷ്ട്രീയം എന്ന പ്രക്രിയയെ സാധിപ്പിക്കുന്ന വ്യവസ്ഥകൾ എന്തൊക്കെയാണ് എന്നറിയുകയാണ്. ഇത് സങ്കല്പനപരമല്ല. തത്വങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്. അത് ഉള്ളതാണ്. രാഷ്ട്രീയം എന്നാൽ ഒരു ക്രമീകരണത്തിന്റെ മാറ്റങ്ങൾ വേണമോ നിലനിർത്തണമോ, മാറ്റങ്ങൾ വേണമെങ്കിൽ വേണ്ട മാറ്റങ്ങൾ ഏവ എന്ന് തീരുമാനിക്കലാണ്. സ്ഥാപന സംവിധാനങ്ങൾ, രാഷ്ട്രീയ നടപടിക്രമങ്ങൾ, രാഷ്ട്രീയ നയങ്ങൾ ഇവയൊക്കെ അതിലുൾപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ വരുന്നത് രാഷ്ട്രീയ (ഭരണപരമായ) നടപടിക്രമങ്ങൾക്കും രാഷ്ട്രീയ നയങ്ങൾക്കും ഇടയിലാണ്. (ഇതിലുൾപ്പെടുന്നവർ ഉയർത്തിപ്പിടിക്കുന്ന പ്രത്യയശാസ്ത്രം നിലനിർത്തണോ മാറ്റണമോ എന്നതാണ് ചോദ്യം.)

ജനാധികാരം എന്നത് വിശാലമായ അർത്ഥത്തിൽ നിർവ്വചിക്കുമ്പോൾ പ്രത്യയശാസ്ത്രം ആവശ്യമില്ല. ജനഹിതത്തിന് അനുയോജ്യമായതാണോ എന്നത് മാത്രം മതി. പക്ഷെ ജനങ്ങൾ പല പ്രത്യയശാസ്ത്രങ്ങളാൽ വിഭജിതമാണെങ്കിൽ അവിടെ പ്രത്യയശാസ്ത്ര ചർച്ചകൾ നടക്കും.



മുതലാളിത്ത വ്യവസ്ഥയിൽ ലാഭപ്രചോദിതമായിട്ടുള്ള സ്വകാര്യസംരംഭങ്ങൾ സമൂഹത്തെ ഒരു പ്രത്യേക രീതിയിലേക്ക് നയിക്കില്ലേ എന്ന ചോദ്യം വരാം. രാഷ്ട്രീയ വിദ്യാഭ്യാസത്തിൽ ഇന്നയിന്ന നിലപാടുകൾ സാദ്ധ്യമാണെന്നും ഇന്നയിന്ന നിലപാടുകളിൽ ഇന്നയിന്ന പ്രത്യയശാസ്ത്രം ഉണ്ടെന്നും അവയ്ക്ക് ഇന്നയിന്ന അനന്തര ഫലങ്ങളുണ്ടെന്നും കാണിച്ചു കൊണ്ടു വേണം ആളുകൾക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകുവാൻ. ആഗോളവൽക്കരണം ജനങ്ങൾക്ക് ക്ഷേമകരമാണ് എന്ന് ഒരു വിഭാഗം പറയുമ്പോൾ അത് പരിശോധിക്കപ്പെടുന്നുവെങ്കിലേ ജനാധിപത്യപരമാകൂ. ആഗോവൽക്കരണത്തിന്റെ വാദക്കാർ ഒരു പ്രത്യേക രീതിയിൽ വളർച്ചാ നിരക്ക് കൂടി എന്നൊക്കെ പറയുന്നത് പരിശോധിച്ചുകൊണ്ടിരിക്കണം.

രാഷ്ട്രീയ വിദ്യാഭ്യാസവും രാഷ്ട്രീയ പ്രചരണവും വ്യത്യസ്തമാണ്. രാഷ്ട്രീയ തീരുമാനങ്ങൾ എങ്ങനെയാണ് എടുക്കപ്പെടുന്നത് എന്നും രാഷ്ട്രീയ പ്രക്രിയ എങ്ങനെയാണെന്നും ആണ് രാഷ്ട്രീയ വിദ്യാഭ്യാസത്തിലൂടെ മനസ്സിലാക്കപ്പെടുന്നത്. **ജനാധിപത്യത്തിൽ ഏതൊരവസ്ഥയിലാണ് നിങ്ങൾ രാഷ്ട്രീയത്തിൽ ഇടപഴകികൊണ്ടിരിക്കുന്നത് എന്ന് ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുകയാണ് രാഷ്ട്രീയ വിദ്യാഭ്യാസം. ഈയർത്ഥത്തിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടികൾ രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നുണ്ടോ?**

എന്താണ് കാണുന്നത്, അതിന്റെ സ്വഭാവം എന്ത് എന്ന് പറയുന്നതിന് ഒരു സിദ്ധാന്തം വേണ്ടിവരും. നമ്മുടെ വിവരണങ്ങളിൽ പോലും സിദ്ധാന്തം അടങ്ങിയിട്ടുണ്ട്. സിദ്ധാന്തം ഇല്ല എന്ന് പറയുന്നവരുടെ പോലും സിദ്ധാന്തം കാണിച്ചുകൊടുക്കാനാകും. കാൾ പോപ്പർ പറയുന്നത് സിദ്ധാന്തബന്ധമല്ലാത്ത ഒരു നിരീക്ഷണവും ഇല്ല എന്നാണ്. ലോകത്ത് എല്ലാ നിലപാടുകളും സൈദ്ധാന്തികമായിരിക്കേ, ഒരു സിദ്ധാന്തവും പൂർണ്ണമായി ശരിയാകാനിടയില്ലാത്തതുകൊണ്ട് എല്ലാ സിദ്ധാന്തങ്ങളോടും നിലപാടുകളോടും ഒരു സന്ദേഹം സൂക്ഷിക്കുന്നത് നന്നായിരിക്കും.

രാഷ്ട്രീയ വിദ്യാഭ്യാസം എന്നത് തത്വത്തിൽ അസാദ്ധ്യമല്ല. അത് സങ്കീർണ്ണമാകാം. അത് ആവശ്യവുമാകാം. എന്ത് രീതിയിലൂടെ എന്ത് മാധ്യമത്തിലൂടെയാണ് അതു നേടാനാകുക എന്നതാണ് വ്യക്തമല്ലാത്തത്. പുതിയ വിദ്യാഭ്യാസചിന്തകളിൽ ചില പുതിയ രീതികൾ ശ്രദ്ധയാകർഷിച്ചുവരുന്നുണ്ട്. ആൽബർട്ട് ബാന്ധുരയുടെ സോഷ്യൽ കോഗ്നിറ്റീവ് തിയറി യൂറോപ്പിൽ വളരെ ചർച്ച ചെയ്യപ്പെടുന്നു. മുഖ്യമായ അവലംബങ്ങൾ ആദ്യം അവതരിപ്പിക്കുന്ന രീതിയല്ല ഇവിടെ. പഴയ വിദ്യാഭ്യാസ ചിന്തകൾ പ്രചോദനം – പ്രതികരണം എന്നതിനെ അടിസ്ഥാനമാക്കിയായിരുന്നല്ലോ. പഠനപ്രക്രിയയിൽ ഒരു സാമൂഹിക ഘടകം ഉണ്ടത്രെ. ഇന്ന് മീഡിയയിൽ കൂടി നടക്കുന്ന പല വിനിമയങ്ങളും ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഒരു പ്രശ്നത്തെ എടുത്ത് അവതരിപ്പിക്കുക. അതിലൂടെ രാഷ്ട്രീയ വ്യവസ്ഥയുടെയും ജനാധിപത്യതത്വങ്ങളുടെയും കാര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് ഈ രീതി. ആഗോളവൽക്കരണത്തിൽ രാഷ്ട്രീയ പ്രക്രിയ എങ്ങനെയാണ് സംഭവിക്കുന്നത് എന്നറിയുന്നതിന് ഈ രീതി പരീക്ഷിക്കാവുന്നതാണ്. വ്യത്യസ്തമായ മറ്റു രീതികൾ ആലോചിക്കാവുന്നതാണ്. പുതിയ രീതികൾ വികസിപ്പിക്കാവുന്നതുമാണ്.

ബദൽ സംവിധാനങ്ങളെപ്പറ്റി ചിന്തിക്കേണ്ടിവരുന്നത് നാം ഒരു രാഷ്ട്രീയ നിലപാടിൽ പ്രവർത്തിക്കുമ്പോഴാണ്. സുസ്ഥിരതത്വം എന്നത് ഒരു രാഷ്ട്രീയ നിലപാടും ഒരു സാമൂഹികദർശനവുമാണ്. നിലനിൽക്കത്തക്കത് എന്താണ്? ഇത് ഒരു കാഴ്ചപ്പാടായി രാഷ്ട്രീയ വിദ്യാഭ്യാസത്തിൽ അവതരിപ്പിക്കാവുന്നതാണ്. ഉദാഹരണത്തിന് നാം ഊർജ്ജം ഉപയോഗിക്കുന്നു. എത്രത്തോളം ഊർജ്ജം നമുക്ക് ഉപയോഗിക്കാം. രാഷ്ട്രീയ പാർട്ടികൾക്ക് വോട്ട് ചെയ്ത ജനങ്ങൾ രാഷ്ട്രീയ പാർട്ടികൾ ഉണ്ടാക്കുന്ന തീരുമാനങ്ങളും കരാറുകളും അറിഞ്ഞിരിക്കേണ്ടതാണ്. ഇത്തരം കരാർ സുസ്ഥിരമായ ഒരു ജീവിതക്രമത്തിനെ ഉറപ്പുവരുത്താൻ കെല്പുള്ളതാണോയെന്ന് പരിശോധിക്കുന്നത് രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. പല പ്രശ്നങ്ങൾക്കും ഉത്തരമുണ്ടാകണമെന്നില്ല. എങ്കിലും നാമത് അറിഞ്ഞിരിക്കണം. സുസ്ഥിരത മുഴുവനായും തിരസ്കരിക്കുക സാധ്യമാകുമോ എന്ന് നാം ആലോചിക്കണം. കമ്പ്യൂട്ടർ സാമൂഹിക ജീവിതത്തെ എത്രത്തോളം ശേഷിയുള്ളതാക്കി എന്ന് പരിശോധിച്ചിട്ടുണ്ടോ? അതോ കുറച്ച് കമ്പ്യൂട്ടർ കമ്പനികൾക്ക് ലാഭമുണ്ടാക്കുക മാത്രമായിരുന്നോ നേട്ടം. കമ്പ്യൂട്ടർ ഉപയോഗം നിലനിൽക്കത്തക്കതാണോയെന്ന് പരിശോധിക്കാവുന്നതാണ്. ഇന്ത്യയിലെ ഗ്രാമങ്ങളിൽ ജീവിക്കുന്നവരെ സംബന്ധിച്ച് ഇന്ത്യയിലെ നഗരങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ പ്രസക്തമാണോയെന്ന ചിന്തകളിൽ കുറെ ആശയകുഴപ്പങ്ങൾ ഒക്കെ വരാം.

നാം അറിവുള്ളവരായി കഴിഞ്ഞാൽ നാം ധാർമ്മികർ ആകണമെന്നില്ല. യാതനകളുടെ ഉറവിടം നാം തിരിച്ചറിയുകയും അത് വേണ്ടതില്ലായെന്ന് നാം നിശ്ചയിക്കുകയും ചെയ്താൽ അതില്ലാതാകാൻ നാം ശ്രമിക്കുന്നതിന് ധാർമ്മികത പാലിക്കുന്നവരാകണമെന്നില്ല.

(അങ്കമാലിയിൽ നടന്ന 'ജനാധികാരത്തിനുള്ള രാഷ്ട്രീയ വിദ്യാഭ്യാസം' ചർച്ച പരിപാടിയിൽനിന്ന്. ഹരിതമൈത്രി, കേരളീയം, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ & ഇക്കോളജിക്കൽ സ്റ്റഡീസ് തുടങ്ങിയവരായിരുന്നു സംഘാടകർ)

*തത്വശാസ്ത്ര വിഭാഗം,*
*ശ്രീശങ്കര സംസ്കൃത സർവ്വകലാശാല, കാലടി*